**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1943** **01-09-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണ ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും വിശദമാക്കാമോ? | (എ) | മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10% സംവരണം അനുവദിച്ചിട്ടുണ്ട്.<br><br>പ്രസ്തുത സംവരണത്തിനായുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2020 ഫെബ്രുവരി 13<br>13th February 2020<br>1195 മകരം 30<br>30th Makaram 1195<br>1941 മാഘം 24<br>24th Magha 1941 | നമ്പർ<br>No. | 496 |

## കേരള സർക്കാർ

### സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് – മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് (Economically Weaker Sections) 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് – മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

**സ.ഉ (എം.എസ്)നം.2/2020/ഉ.ഭ.പ.വ** **തിരുവനന്തപുരം, തീയതി: 12.02.2020**

പരാമർശം:– (1) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ (ഉന്നത വിദ്യാഭ്യാസ വകുപ്പ്) 2019 ജനുവരി 17–ാം തീയതിയിലെ 12–4/2019–U1 നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

(2) കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ (സാമൂഹ്യനീതിയും ശാക്തീകരണവും വകുപ്പ്) 2019 ജനുവരി 17–ാം തീയതിയിലെ 20013/01/2018–BC–II നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

(3) കേന്ദ്ര ഉദ്യോഗസ്ഥ, പൊതുജന പരാതി, പെൻഷൻ മന്ത്രാലയത്തിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഉദ്യോഗസ്ഥ പരിശീലന വകുപ്പ്) 2019 ജനുവരി 19-ാം തീയതിയിലെ 36039/1/2019/-Estt.(Res) നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

(4) 12.03.2019-ലെ സ.ഉ (എം.എസ്) നം.5/2019/ഉ.ഭ.പ.വ.

(5) 14.03.2019-ലെ സ.ഉ (എം.എസ്)നം.52/2019/പൊ.ഭ.വ.

(6) 03.01.2020-ലെ സ.ഉ (പി)നം.1/2020/ഉ.ഭ.പ.വ.

## ഉത്തരവ്

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10% സംവരണം ഏർപ്പെടുത്താൻ ആവശ്യമായ ഭരണഘടന ഭേദഗതിയും പരാമർശം (1) മുതൽ (3) വരെയുള്ള തുടർ വിജ്ഞാപനങ്ങളും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അധീനതയിലെ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും പ്രസ്തുത സംവരണം നടപ്പിലാക്കിക്കൊണ്ട് പരാമർശം (5) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ പ്രസ്തുത സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിധം, മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി മുൻ നിയമവകുപ്പ് സെക്രട്ടറിയും റിട്ട.ജഡ്ജിയുമായ ശ്രീ.കെ.ശശിധരൻ നായർ ചെയർമാനായും, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ അഡ്വ.എം.രാജഗോപാലൻ നായർ മെമ്പറായും ഒരു കമ്മീഷനെ പരാമർശം (4) പ്രകാരം നിയമിച്ചിരുന്നു.

2) കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് 31.12.2019-ലെ മന്ത്രിസഭായോഗം പരിഗണിക്കുകയും അതിലെ ശിപാർശകൾ നിയമവകുപ്പ് നിർദ്ദേശിച്ച ഭേദഗതിയോടെ അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തുകൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

3) സംസ്ഥാനത്ത് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) ഭരണഘടനയുടെ 15(6), 16(6) എന്നീ അനുച്ഛേദങ്ങൾ പ്രകാരം അർഹമായ 10% സംവരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ (Economically Weaker Sections) കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. കുടുംബത്തിന്റെ നിർവചനത്തിൽ 18 വയസ്സിന് മുകളിലുള്ള ആശ്രിതരായ കുടുംബാംഗങ്ങളെ ഉൾപ്പെടുത്താത്തപക്ഷം, ടി ആളുകളുടെ പേരിലേയ്ക്ക് ഭൂസ്വത്തുക്കൾ കൈമാറുകയും അതുവഴി അർഹതയില്ലാത്തവർക്ക് സംവരണാനുകൂല്യം ലഭിക്കുന്ന സ്ഥിതി ഉണ്ടാവുകയും ചെയ്യുമെന്നതിനാൽ 'കുടുംബം' എന്ന നിർവചനത്തിൽ 18 വയസ്സിന് മുകളിലുള്ളതും, ടി കുടുംബത്തെ ആശ്രയിച്ച് കഴിയുന്നതുമായ കുടുംബാംഗങ്ങളെ കൂടി ഉൾപ്പെടുത്തേണ്ടതുണ്ടെന്നും, 'ഭൂമി' എന്നതിൽ അപേക്ഷകൻ/അപേക്ഷകയുടെ കുടുംബത്തിന്റെ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഭൂസ്വത്ത് എന്നാക്കി വ്യക്തത വരുത്തേണ്ടതുണ്ടെന്നും സാമ്പത്തിക സംവരണത്തിനുള്ള സാക്ഷ്യപത്രങ്ങൾക്കുള്ള അപേക്ഷയുടെ നിശ്ചിത മാതൃക തീരുമാനിക്കുവാനും, ഓൺലൈൻ മുഖേന സാക്ഷ്യപത്രങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നതും ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നു.

4) മേൽസാഹചര്യത്തിൽ, സംസ്ഥാനത്ത് മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം നടപ്പിലാക്കുന്നതിനും, ഇത്തരം വിഭാഗങ്ങളെ നിർണ്ണയിക്കുന്നതിനുമായി ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1. അപേക്ഷകർ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽ പ്പെടാത്തവരായിരിക്കണം.

2. അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ, കുടുംബത്തെ ആശ്രയിച്ചുകഴിയുന്ന 18 വയസ്സിനു മുകളിലുള്ളവർ എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു.

3. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം രൂപയോ, അതിൽ താഴെയോ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ചുവടെ ചേർക്കുന്നവ ഒഴികെയുള്ള മറ്റെല്ലാ വരുമാനവും പരിഗണിക്കേണ്ടതാണ്:-

    1. മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പേറേഷൻ പ്രദേശങ്ങളിലെ പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ലോട്ടുകളിൽ നിന്നുള്ള കാർഷിക വരുമാനം.
    2. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ.
    3. കുടുംബ പെൻഷൻ.
    4. തൊഴിലില്ലായ്മ വേതനം.
    5. ഉത്സവബത്ത.
    6. വിരമിക്കൽ ആനുകൂല്യങ്ങൾ.
    7. യാത്രാബത്ത.

4. അപേക്ഷകന്റ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണെങ്കിൽ 2.5 ഏക്കറിലും, മുനിസിപ്പൽ പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല.

5. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 2.5 ഏക്കറിൽ അധികരിക്കാൻ പാടില്ല.

6. മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 75 സെന്റിൽ അധികരിക്കാൻ പാടില്ല.

7. ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്.

8. 'ഭൂമി' (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും.

9. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ്പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 20 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികരിക്കാൻ പാടില്ല.

കുടുംബത്തിന് ഒന്നിലധികം ഹൗസ് പ്ലോട്ട് കൈവശമുണ്ടെങ്കിൽ അവയെല്ലാം കൂട്ടിച്ചേർത്തായിരിക്കും പ്ലോട്ടിന്റെ വിസ്തൃതി കണക്കാക്കുക.

കുടുംബത്തിന് മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും ഹൗസ് പ്ലോട്ട് ഉണ്ടെങ്കിൽ അവ കൂട്ടിച്ചേർത്ത് കണക്കാക്കിയാൽ വിസ്തൃതി 20 സെന്റിൽ അധികരിക്കാൻ പാടില്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

'ഹൗസ് പ്ലോട്ട് ' എന്നാൽ വീട് നിൽക്കുന്നതോ, വീട് നിർമ്മിക്കുവാൻ കഴിയുന്നതോ ആയ ഭൂമി എന്നർത്ഥം.

10. Anthyodaya Annayojana (AAY)/ Priority House Holds (PHH) വിഭാഗങ്ങളിൽപ്പെടുന്ന റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടുള്ളവർ മറ്റ് മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണാനുകൂല്യത്തിന് അർഹരാണ്. അതിലേയ്ക്കായി ഈ വിഭാഗത്തിലുള്ള അപേക്ഷകർ പ്രസ്തുത വിഭാഗങ്ങൾക്കായി നൽകിയിട്ടുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഇതോടൊപ്പമുള്ള മാതൃകയിൽ വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് (Annexure-I)

11. Income & Assets Certificate നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വർഷത്തിന് തൊട്ട് മുമ്പുള്ള സാമ്പത്തിക വർഷത്തെ വരുമാനമാണ് അടിസ്ഥാനമാക്കേണ്ടത്.

12. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ നിശ്ചിത അപേക്ഷ ഫോറത്തിൽ സത്യവാങ്മൂലമായി അപേക്ഷകർ സമർപ്പിക്കേണ്ടതാണ്.

13. 'സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ/വ്യാജമാണെന്നോ കണ്ടെത്തുന്ന പക്ഷം അപേക്ഷകൻ/അപേക്ഷകയുടെ നിയമനം/വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം എന്നിവ മറ്റ് കാരണങ്ങൾ വ്യക്തമാക്കാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതും, ഇത് സർക്കാരിന് ഉചിതമെന്ന് തോന്നുന്ന അപ്രകാരമുള്ള തുടർ നടപടിക്ക് വിധേയമായിരിക്കുന്നതുമാണ്.

14. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള നിയമന ഉത്തരവിൽ നിയമനാധികാരി ചുവടെ ചേർക്കുന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്:-

> “ഇപ്രകാരമുള്ള നിയമനം താത്കാലികം (Provisional) ആയിരിക്കുന്നതും വരുമാനവും ആസ്തിയും തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ ഉചിതമാർഗ്ഗേണയുള്ള പരിശോധനയ്ക്ക് വിധേയമായിരിക്കുന്നതുമാണ്. 'സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ/വ്യാജമാണെന്നോ കണ്ടെത്തുന്ന പക്ഷം അപേക്ഷകൻ/അപേക്ഷകയുടെ നിയമനം മറ്റ് കാരണങ്ങൾ വ്യക്തമാക്കാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതും, വ്യാജ സാക്ഷ്യപത്രം ഹാജരാക്കിയതിന് ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്.”

15. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിൽ Income & Assets Certificate നൽകേണ്ടത് അതത് വില്ലേജ് ഓഫീസർമാരാണ് (Annexure-II).

16. മേൽ സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ ആക്ഷേപമുള്ള പക്ഷം ബന്ധപ്പെട്ട തഹസിൽദാർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

17. മേൽ വിഷയത്തിൽ പുനഃപരിശോധന ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

18. പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഓരോ മൂന്ന് വർഷം കൂടുമ്പോഴും പുനഃപരിശോധിക്കുന്നതും, ആവശ്യമുള്ള പക്ഷം ഭേദഗതി വരുത്തുന്നതുമായിരിക്കും.

19. ന്യൂനപക്ഷ പദവിയില്ലാത്തതും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചു വരുന്നതുമായ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പ്രവേശനത്തിന് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

20. ഓരോ ഭരണവകുപ്പും അതിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള 10% സംവരണം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ അടിയന്തരമായി പുറപ്പെടുവിക്കുന്നതാണ്. ബന്ധപ്പെട്ട പ്രോസ്പെക്ടസ്, അപേക്ഷാ ഫോറങ്ങൾ എന്നിവയിൽ ഇതിനനുസൃതമായ വ്യവസ്ഥകൾ ചേർക്കുന്നുവെന്നത് അതത് ഭരണവകുപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ്.

21. സാമ്പത്തിക സംവരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ വകുപ്പുകളിലും/ഡയറക്ടറേറ്റുകളിലും ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുകയോ അല്ലെങ്കിൽ അതിലേയ്ക്കായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. പരാതികൾ പരിഹരിച്ചത് സംബന്ധിച്ച ആനുകാലിക റിപ്പോർട്ടുകൾ പൊതുഭരണ (ഏകോപന) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

22. പൊതുവിഭാഗത്തിലെ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള നികത്തപ്പെടാത്ത ഒഴിവുകൾ സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് എല്ലാ വകുപ്പുകളും, ഡയറക്ടറേറ്റുകളും, പൊതുമേഖലാ സ്ഥാപനങ്ങളും പൊതുഭരണ (ഏകോപന) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആറ് മാസത്തെ പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

23. പൊതുവിഭാഗത്തിലെ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണം നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ഒരു മോണിറ്ററിംഗ് സെൽ പൊതുഭരണ (ഏകോപന) വകുപ്പിൽ രൂപീകരിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട പരാതികൾ/ ഹർജികൾ ടി സെൽ തീർപ്പുകൽപ്പിക്കേണ്ടതുമാണ്.

24. വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷയുടെ മാതൃക സംബന്ധിച്ച് റവന്യൂ വകുപ്പ്/ലാന്റ് റവന്യൂ കമ്മീഷണർ തീരുമാനം കൈക്കൊള്ളേണ്ടതും, ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള ക്രമീകരണങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർ ചെയ്യേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് അടിയന്തരമായി പുറപ്പെടുവിക്കുന്നതാണ്.

25. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന് സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തി അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

26. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമന സംവരണം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള തുടർ ഉത്തരവുകൾ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ് അടിയന്തരമായി പുറപ്പെടുവിക്കുന്നതാണ്.

5) കേന്ദ്ര സർക്കാരിന്റെ അധീനതയിലെ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും പരാമർശം (5) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകളായിരിക്കും ബാധകമാകുന്നത്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുകൾക്കും, വകുപ്പുമേധാവികൾക്കും, നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും (ആമുഖ കത്ത് സഹിതം).
ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
ഉന്നതവിദ്യാഭ്യാസ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
ആസൂത്രണ–സാമ്പത്തികകാര്യ വകുപ്പ്.
പൊതുഭരണ (ഏകോപന) വകുപ്പ്.
വിവര–പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചാരണത്തിന്).
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Annexure I**

Office of the …….……………………….,

Date: ………………………..

**CERTIFICATE TO BE PRODUCED BY THE APPLICANTS BELONGING TO ANTHYODAYA ANNAYOJANA (AAY) AND PRIORITY HOUSE HOLD (PHH) CATEGORY**

(Vide G.O.(Ms.)No.2/2020/P&ARD dated 12.02.2020)

This is to certify that Shri/Smt/Kumari ……………………………………………………. Son/daughter/wife of ……………………………………………………… is a permanent resident of ….. ..……………..……………………………………… …………………… ………………...…………………..…(H.E.address) ..……………………………… Village ……………………………………District, Kerala State, whose photograph is affixed below, is a member of Anthyodaya Annayojana (AAY)/Priority House Hold (PHH) and that his/her name is included in the Ration Card issued under this category and that he/she does not belong to a caste/class recognised as Scheduled Castes, Scheduled Tribes or Other Backward Classes in the State and therefore he/she belongs to Economically Weaker Sections in General Category.

Recent passport size photograph of the applicant

Signature …………………………………….

Name…………………………………………

Designation ………………………………….

(Seal)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Annexure II**

**INCOME AND ASSETS CERTIFICATE TO BE PRODUCED BY ECONOMICALLY WEAKER SECTIONS (EWSs) IN GENERAL CATEGORY**

Certificate No……………. Date …………………..

This is to certify that Shri/Smt/Kumari………………………………………………………. …………………….. Son/daughter/wife of…………………………………………………….. is a permanent resident of………………………………………………… …… ………... …… … ………………………………………………………………. …….(H.E.address) ………………………………..Village …………………..…………………………. Taluk …………………………………………….District in Kerala, Pin Code…………….., whose photograph is affixed below, belongs to Economically Weaker Sections in General Category (*) and that his/her family income is at ₹ ………………….. ……………… ………………………… ……….. (in words also) for the financial year …………………………… and that his/her family does not own or possess assets exceeding the limit specified in G.O.(Ms.)No.2/2020/P&ARD dated 12.02.2020 and that he/she belongs to ……………………………….. caste/community/class which is not recognised as a Scheduled Caste, Scheduled Tribe or Other Backward Class as listed in List I, II and III in the Schedule to Rule 2 Part I, K.S & S.S.Rs, 1958.

| Recent passport size photograph of the applicant |
|---|

Signature with Office Seal …………………………..

Name…………………………………………………

Designation ………………………………………….

(*) General Category means and includes all Castes, Communities and Classes of citizens other than Scheduled Castes, Scheduled Tribes and Other Backward Classes.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br><br>Thiruvananthapuram,<br>Tuesday | 2020 മാർച്ച് 03<br>03rd March 2020<br>1195 കുംഭം 19<br>19th Kumbham 1195<br>1941 ഫാൽഗുനം 13<br>13th Phalguna 1941 | നമ്പർ<br>No. | 743 |

### കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് - മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിയ ഉത്തരവ് - പ്രാബല്യ തീയതി നിശ്ചയിച്ചും ഭേദഗതി ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

**സ.ഉ (എം.എസ്)നം.5/2020/ഉ.ഭ.പ.വ** **തിരുവനന്തപുരം, തീയതി: 03.03.2020**

പരാമർശം:- (1) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ (ഉന്നത വിദ്യാഭ്യാസ വകുപ്പ്) 2019 ജനുവരി 17-ാം തീയതിയിലെ 12-4/2019-U1 നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ (സാമൂഹ്യനീതിയും ശാക്തീകരണവും വകുപ്പ്) 2019 ജനുവരി 17-ാം തീയതിയിലെ 20013/01/2018-BC-II നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

(3) കേന്ദ്ര ഉദ്യോഗസ്ഥ, പൊതുജന പരാതി, പെൻഷൻ മന്ത്രാലയത്തിന്റെ (ഉദ്യോഗസ്ഥ പരിശീലന വകുപ്പ്) 2019 ജനുവരി 19-ാം തീയതിയിലെ 36039/1/2019/-Estt.(Res) നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

(4) 12.03.2019-ലെ സ.ഉ (എം.എസ്) നം.5/2019/ഉ.ഭ.പ.വ.

(5) 14.03.2019-ലെ സ.ഉ (എം.എസ്)നം.52/2019/പൊ.ഭ.വ.

(6) 03.01.2020-ലെ സ.ഉ (പി)നം.1/2020/ഉ.ഭ.പ.വ.

(7) 12.02.2020-ലെ സ.ഉ (എം.എസ്)നം.2/2020/ഉ.ഭ.പ.വ.

## ഉത്തരവ്

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശിപാർശ ചെയ്യുന്നതിനുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ച് പരാമർശം (6) പ്രകാരവും, അതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി പരാമർശം (7) പ്രകാരവും ഉത്തരവായിരുന്നു. എന്നാൽ, പ്രസ്തുത ഉത്തരവിൽ സംവരണാനുകൂല്യത്തിന്റെ പ്രാബല്യ തീയതി നിശ്ചയിച്ചിരുന്നില്ല. കൂടാതെ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4.2-ൽ 'കുടുംബം' എന്ന നിർവചനത്തിൽ 'കുടുംബത്തെ ആശ്രയിച്ചുകഴിയുന്ന 18 വയസ്സിന് മുകളിലുള്ളവരെ' കൂടി ഉൾപ്പെടുത്തിയാണ് ഉത്തരവായിരുന്നത്. അത് ഒഴിവാക്കണമെന്ന വിവിധ കോണുകളിൽ നിന്നുള്ള ആവശ്യം പരിഗണിച്ച് ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള (Economically Weaker Sections) സംവരണ ആനുകൂല്യത്തിന് പരാമർശം (6)-ലെ ഉത്തരവ് തീയതിയായ 03.01.2020 മുതൽ പ്രാബല്യമുണ്ട്.

2. പരാമർശം (7) പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 4.2-ലെ 'കുടുംബം' എന്ന നിർവചനത്തിൽ നിന്നും 'കുടുംബത്തെ ആശ്രയിച്ചുകഴിയുന്ന 18 വയസ്സിന് മുകളിലുള്ളവരെ' ഒഴിവാക്കുന്നു.

2) മേൽപ്രകാരമുള്ള ഭേദഗതിയോടെ പരാമർശം (7) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പുകൾക്കും, വകുപ്പുമേധാവികൾക്കും, നിയമനാധികാരികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും (ആമുഖ കത്ത് സഹിതം).

ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.

എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

റവന്യൂ വകുപ്പ്.

ഉന്നത വിദ്യാഭ്യാസ വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പ്.

ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.

പൊതുഭരണ (ഏകോപന) വകുപ്പ്.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചരണത്തിന്).

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള സർക്കാർ

**സംഗ്രഹം**

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് (Economically Weaker Sections) നിയമനങ്ങളിൽ 10% സംവരണം നടപ്പിലാക്കുന്നത് - മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്

സ.ഉ.(കൈ) നം.**5/2020**/പ്ലാനിംഗ് തീയതി, തിരുവനന്തപുരം, **04/03/2020**

പരാമർശം :- (1) 12/03/2019-ലെ സ.ഉ.(എം.എസ്.)നം. 5/2019/ഉ.ഭ.പ.വ.

(2) 14/03/2019-ലെ സ.ഉ.(എം.എസ്.)നം. 52/2019/പൊ.ഭ.വ.

(3) 03/01/2020-ലെ സ.ഉ.(പി)നം. 1/2020/ഉ.ഭ.പ.വ.

(4) 12/02/2020-ലെ സ.ഉ.(എം.എസ്.)നം. 2/2020/ഉ.ഭ.പ.വ.

(5) 03/03/2020-ലെ സ.ഉ.(എം.എസ്.)നം. 5/2020/ഉ.ഭ.പ.വ.

**ഉത്തരവ്**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിധം, മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി മുൻ നിയമ വകുപ്പ് സെക്രട്ടറിയും റിട്ട. ജഡ്ജിയുമായ ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായും, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ അഡ്വ.എം.രാജഗോപാലൻ നായർ മെമ്പറായും ഒരു കമ്മീഷനെ പരാമർശം (1) പ്രകാരം സർക്കാർ നിയമിച്ചിരുന്നു.

2. കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് 31/12/2019-ലെ മന്ത്രിസഭായോഗം പരിഗണിക്കുകയും അതിലെ ശിപാർശകൾ നിയമവകുപ്പ് നിർദ്ദേശിച്ച ഭേദഗതിയോടെ അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതിൻപ്രകാരം സർക്കാർ വകുപ്പുകളിലെ നിയമനങ്ങൾക്ക് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം ഏർപ്പെടുത്തിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

3. സംസ്ഥാനത്ത് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) ഭരണഘടനയുടെ 15(6), 16(6) എന്നീ അനുച്ഛേദങ്ങൾ പ്രകാരം അർഹമായ 10% സംവരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ (Economically Weaker Sections) കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ

സ്ഥാപനങ്ങളിലെ ഇത്തരം വിഭാഗങ്ങളെ നിർണ്ണയിക്കുന്നതിനായി ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1. അപേക്ഷകർ പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽപ്പെടാത്തവരായിരിക്കണം.

2. അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ (ദത്തെടുത്ത കുട്ടികൾ ഉൾപ്പെടെ) എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നു.

3. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം രൂപയോ, അതിൽ താഴെയോ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ചുവടെ ചേർക്കുന്നവ ഒഴികെയുള്ള മറ്റെല്ലാ വരുമാനവും പരിഗണിക്കേണ്ടതാണ്:-

    1. മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ലോട്ടുകളിൽ നിന്നുള്ള കാർഷിക വരുമാനം.
    2. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ.
    3. കുടുംബ പെൻഷൻ
    4. തൊഴിലില്ലായ്മ വേതനം.
    5. ഉത്സവബത്ത.
    6. വിരമിക്കൽ ആനുകൂല്യങ്ങൾ.
    7. യാത്രാബത്ത.

4. അപേക്ഷകന്റെ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണെങ്കിൽ 2 .5 ഏക്കറിലും, മുനിസിപ്പൽ പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല.

5. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 2.5 ഏക്കറിൽ അധികരിക്കുവാൻ പാടില്ല.

6. മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 75 സെന്റിൽ അധികരിക്കാൻ പാടില്ല.

7. ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്.

8. 'ഭൂമി' (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും.

9. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ് പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 20 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികരിക്കാൻ പാടില്ല. കുടുംബത്തിന് ഒന്നിലധികം ഹൗസ് പ്ലോട്ട് കൈവശമുണ്ടെങ്കിൽ അവയെല്ലാം കൂട്ടിച്ചേർത്തായിരിക്കും പ്ലോട്ടിന്റെ വിസ്തൃതി കണക്കാക്കുക. കുടുംബത്തിന് മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും ഹൗസ് പ്ലോട്ട് ഉണ്ടെങ്കിൽ അവ കൂട്ടിച്ചേർത്ത് കണക്കാക്കിയാൽ വിസ്തൃതി 20 സെന്റിൽ അധികരിക്കാൻ പാടില്ല.

'ഹൗസ് പ്ലോട്ട്' എന്നാൽ വീട് നിൽക്കുന്നതോ, വീട് നിർമ്മിക്കാൻ കഴിയുന്നതോ ആയ ഭൂമി എന്നർത്ഥം.

10. Anthyodaya Annayojana (AAY)/Priority House Holds (PHH) വിഭാഗങ്ങളിൽപ്പെടുന്ന റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടുള്ളവർ മറ്റ് മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണാനുകൂല്യത്തിന് അർഹരാണ്. അതിലേക്കായി ഈ വിഭാഗത്തിലുള്ള അപേക്ഷകർ പ്രസ്തുത വിഭാഗങ്ങൾക്കായി നൽകിയിട്ടുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഇതൊടൊപ്പമുള്ള മാതൃകയിൽ വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് (Annexure-1).

11. Income & Assets Certificate നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വർഷത്തിന് തൊട്ടു മുമ്പുള്ള സാമ്പത്തിക വർഷത്തെ വരുമാനമാണ് അടിസ്ഥാനമാക്കേണ്ടത്.

12. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ നിശ്ചിത അപേക്ഷാഫോറത്തിൽ സത്യവാങ്മൂലമായി അപേക്ഷകർ സമർപ്പിക്കേണ്ടതാണ്.

13. 'സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ/വ്യാജമാണെന്നോ കണ്ടെത്തുന്ന പക്ഷം അപേക്ഷകൻ/അപേക്ഷകയുടെ നിയമനം മറ്റ് കാരണങ്ങൾ വ്യക്തമാക്കാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതും, ഇത് സർക്കാരിന്റെ അനുമതിയോട് കൂടി പൊതുമേഖലാ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡിന് ഉചിതമെന്ന് തോന്നുന്ന തുടർ നടപടിക്ക് വിധേയമാക്കാവുന്നതുമാണ്.

14. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള നിയമന ഉത്തരവിൽ നിയമനാധികാരി ചുവടെ ചേർക്കുന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്:-

"ഇപ്രകാരമുള്ള നിയമനം താത്കാലികം (Provisional) ആയിരിക്കുന്നതും വരുമാനവും ആസ്തിയും തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ ഉചിതമാർഗ്ഗേണയുള്ള പരിശോധനയ്ക്ക് വിധേയമായിരിക്കുന്നതുമാണ്. 'സാമ്പത്തികമായി പിന്നാക്കം

നിൽക്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ /വ്യാജമാണെന്നോ കണ്ടെത്തുന്ന പക്ഷം അപേക്ഷകൻ/അപേക്ഷകയുടെ നിയമനം മറ്റ് കാരണങ്ങൾ വ്യക്തമാക്കാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതും, വ്യാജ സാക്ഷ്യപത്രം ഹാജരാക്കിയതിന് ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്."

15. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിൽ Income & Assets Certificate നൽകേണ്ടത് അതത് വില്ലേജ് ഓഫീസർമാരാണ് (Annexure-II).

16. മേൽ സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ ആക്ഷേപമുള്ള പക്ഷം ബന്ധപ്പെട്ട തഹസിൽദാർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

17. മേൽ വിഷയത്തിൽ പുന:പരിശോധന ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

18. പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഓരോ മൂന്ന് വർഷം കൂടുമ്പോഴും പുന:പരിശോധിക്കുന്നതും, ആവശ്യമുള്ള പക്ഷം ഭേദഗതി വരുത്തുന്നതുമായിരിക്കും.

19. സാമ്പത്തിക സംവരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുകയോ അല്ലെങ്കിൽ അതിലേയ്ക്കായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. പരാതികൾ പരിഹരിച്ചത് സംബന്ധിച്ച ആനുകാലിക റിപ്പോർട്ടുകൾ പൊതുഭരണ (ഏകോപന) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

20. പൊതുവിഭാഗത്തിലെ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള നികത്തപ്പെടാത്ത ഒഴിവുകൾ സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പൊതുഭരണ (ഏകോപന) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആറ് മാസത്തെ പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21. പൊതുവിഭാഗത്തിലെ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണം നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ഒരു മോണിറ്ററിംഗ് സെൽ പൊതുഭരണ (ഏകോപന) വകുപ്പിൽ രൂപീകരിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട പരാതികൾ/ ഹർജികൾ ടി സെൽ തീർപ്പുകൽപ്പിക്കേണ്ടതുമാണ്.

22. വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷയുടെ മാതൃക സംബന്ധിച്ച് റവന്യൂ വകുപ്പ്/ലാന്റ് റവന്യൂ കമ്മീഷണർ തീരുമാനം കൈക്കൊള്ളേണ്ടതും, ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള ക്രമീകരണങ്ങൾ ലാന്റ് റവന്യൂ

കമ്മീഷണർ ചെയ്യേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് അടിയന്തിരമായി പുറപ്പെടുവിക്കുന്നതാണ്.

23. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമന സംവരണം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട നിയമന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച ആവശ്യമായ നിർദ്ദേശം അതാതു ഭരണ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

24. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള (Economically Weaker Sections) സംവരണ ആനുകൂല്യത്തിന് പരാമർശം (3)-ലെ ഉത്തരവ് തീയതിയായ 03/01/2020 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഡോ. എ. ജയതിലക് IAS**
**പ്രിൻസിപ്പൽ സെക്രട്ടറി**

To

(1) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
(2) എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
(3) സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.
(4) എല്ലാ ജില്ലാ കളക്ടർമാർക്കും
(5) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.മാർക്കും, സി.ഇ.ഒ. മാർക്കും.
(6) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
(7) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
(8) സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
(9) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
(10) റവന്യൂ വകുപ്പ്
(11) പൊതുഭരണ (ഏകോപന) വകുപ്പ്
(12) വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
(13) ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്(മാധ്യമങ്ങളിലൂടെ പ്രചരണത്തിന്).
(14) ഓഫീസ് കോപ്പി/കരുതൽ ഫയൽ

**ഉത്തരവിൻപ്രകാരം,**

**സെക്ഷൻ ഓഫീസർ**

Annexure I

Office of the ..............................................

Date: ......................

## CERTIFICATE TO BE PRODUCED BY THE APPLICANTS BELONGING TO ANTHYODAYA ANNAYOJANA (AAY) AND PRIORITY HOUSE HOLD (PHH) CATEGORY

(Vide G.O.(Ms.)No. 5/2020/P&EA dated 04/03/2020)

This is to certify that Shri./Smt./Kumari ......................................................................................................
Son/daughter/wife of ........................................................................................................ is a permanent resident of ..............................................................................................................................................
...........................................................................................................................................................
..........................................................................(H.E. address) ..............................................................
Village ........................................................................District, Kerala State, whose photograph is affixed below, is a member of Anthyodaya Annayojana (AAY)/Priority House Hold (PHH) and that his/her name is included in the Ration Card issued under this category and that he/she does not belong to a caste/class recognized as Scheduled Castes, Scheduled Tribes or Other Backward Classes in the State and therefore he/she belongs to Economically Weaker Sections in General Category.

| |
|---|
| Recent passport size Photograph of the applicant |

Signature ....................................................

Name ..........................................................

Designation....................................................

(Seal)

# INCOME AND ASSETS CERTIFICATE TO BE PRODUCED BY ECONOMICALLY WEAKER SECTIONS (EWSs) IN GENERAL CATEGORY

Certificate No.................................. Date .................

This is to certify that Shri./Smt./Kumari. ...........................................................................................................
Son/daughter/wife of ...................................................................................................................................
is a permanent resident of .............................................................................................................................
.................................................................................................................................................(H.E.address)
........................................................ Village .................................................................................... Taluk
.................................................................................................... District in Kerala, Pin Code
............................ whose photograph is affixed below, belongs to Economically Weaker Sections in General Category (*) and that his/her family income is at Rs............................................................................................................ ..........................................................
(in words also) for the financial year ......................................... and that his/her family does not own or possess assets exceeding the limit specified in G.O.(Ms) No. 5/2020/P&EA dated 04/03/2020 and that he/she belongs to ...................................................... caste/community/class which is not recognized as a Scheduled Caste, Scheduled Tribe or Other Backward Class as listed in List I, II and III in the Schedule to Rule 2 Part I, K.S & S.S.Rs, 1958.

| Recent passport size Photograph of the applicant |
|---|

Signature with Office Seal .........................................................

Name ...........................................................................................

Designation ......................................................................................

(*) General Category means and includes all Castes, Communities and Classes of citizens other than Scheduled Castes, Scheduled Tribes and Other Backward Classes.